കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം –695033

നമ്പർ: B3/7/2022-SEC തീയതി: **12/05/2022**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ,
കണ്ണൂർ.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ – മട്ടന്നൂർ നഗരസഭ – പൊതുതിരഞ്ഞെടുപ്പ് 2022 – സംവരണ വാർഡുകൾ തിരഞ്ഞെടുക്കുന്നത് – മാർഗ്ഗനിർദ്ദേശം – സംബന്ധിച്ച്

സൂചന :- സ.ഉ (അച്ചടി)നം. 44/2020/ത.സ്വ.ഭ.വ തീയതി 05.06.2020

*************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മട്ടന്നൂർ നഗരസഭയിലേക്കുള്ള 2022 ലെ പൊതുതിരഞ്ഞെടുപ്പിൽ സംവരണ വാർഡുകൾ നറുക്കെടുക്കുന്നതിനായി കമ്മീഷൻ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിന്റെ പകർപ്പ് അറിവിനും തുടർനടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by A SANTHOSH
Date: 2022.05.12 15:24:53 IST
Reason: Approved

**എ .സന്തോഷ്**
**സെക്രട്ടറി**

പകർപ്പ്:

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും,
സ്റ്റാന്റിംഗ് കൗൺസിൽ, സം തി ക
കമ്മീഷണറുടെ പി എസ്, സെക്രട്ടറിയുടെ സി എ
ഫയൽ/സ്റ്റോക്ക്

**2022–ലെ മട്ടന്നൂർ നഗരസഭയിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി സംവരണ സ്ഥാനങ്ങൾ (വാർഡുകൾ) നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

**1.സംവരണ സ്ഥാനങ്ങളുടെ എണ്ണം**

ഭാരത ഭരണഘടനയുടെ 243 റ്റി അനുച്ഛേദവും 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6–ആം വകുപ്പു പ്രകാരം സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലേയും മുനിസിപ്പൽ കൗൺസിലുകളിലേയും നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും സ്ത്രീകൾക്കും പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങൾക്കും സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണവും നിശ്ചയിച്ച് 2020 ജൂൺ 5–ലെ സ .ഉ(അച്ചടി) നമ്പർ 44/2020/ത.സ്വ.ഭ.വ പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം 2022–ൽ പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ട മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിൽ നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണം 35 ആണ്. അതിൽ 18 സ്ഥാനങ്ങൾ സ്ത്രീകൾക്കും ഒരു സ്ഥാനം പട്ടികജാതി വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്.

**2.സംവരണ വാർഡുകൾ നിശ്ചയിക്കൽ**

സർക്കാർ വിജ്ഞാപനപ്രകാരം നിശ്ചയിച്ച സംവരണ സ്ഥാനങ്ങൾ ആവർത്തനക്രമമനുസരിച്ച് ഏത് വാർഡുകളിലേക്കാണ് നൽകേണ്ടതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിലേക്കായി വിജ്ഞാപനം വഴി നിശ്ചയിച്ചിട്ടുള്ള സമയത്തും തീയതിയിലും അത് പ്രകാരമുള്ള സ്ഥലത്തും വച്ച് കമ്മീഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ തീരുമാനിക്കേണ്ടതാണ്. മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ അവസാനമായി വാർഡ് പുനർവിഭജനം നടന്നത് 2017 ലാണ്. അതിനാൽ വാർഡുകളുടെ ഘടനയിൽ നിലവിൽ മാറ്റമില്ല. മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പ് നടന്നത് 2017 ആഗസ്റ്റിലാണ്. 2022–ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി ആവർത്തനക്രമം അനുസരിച്ച് നറുക്കെടുപ്പിലൂടെ സംവരണ വാർഡുകൾ നിശ്ചയിക്കുമ്പോൾ 2012–ലേയും 2017–ലേയും സംവരണ വാർഡുകൾ കൂടി പരിഗണിക്കണം.

**3.നറുക്കെടുപ്പ് നടത്തുന്ന ക്രമം**

സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടിക ഗോത്രവർഗ്ഗ സ്ത്രീ , പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗം എന്നീ ക്രമത്തിലാണ് സംവരണ വാർഡുകൾ നിശ്ചയിക്കേണ്ടത്. മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ സർക്കാർ വിജ്ഞാപനപ്രകാരം നിശ്ചയിച്ച സംവരണ സ്ഥാനങ്ങളിൽ 18 വാർഡുകൾ സ്ത്രീകൾക്കും ഒരു വാർഡ് പട്ടികജാതിക്കുമാണ് നറുക്കെടുപ്പിലൂടെ കണ്ടെത്തേണ്ടത്.

**4.അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ**

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള സംവരണ വിവരം മുനിസിപ്പൽ സെക്രട്ടറിയിൽ നിന്നും ഇതോടൊപ്പം ചേർത്തിട്ടുള്ള അനുബന്ധം –I ൽ ശേഖരിക്കണം. കൂടാതെ, 2022–ലെ സംവരണ വാർഡുകൾ ആവർത്തനക്രമമനുസരിച്ച് നറുക്കെടുപ്പിലൂടെ നിശ്ചയിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംബന്ധിച്ച അറിയിപ്പ് അനുബന്ധം –II ൽ നൽകുകയും

തുടർനടപടി സ്വീകരിക്കുകയും വേണം.

**5.നറുക്കെടുപ്പ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

ഭാരത ഭരണഘടനയിലെ വ്യവസ്ഥകളും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6-ആം വകുപ്പും ബഹു.ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങളും അടിസ്ഥാനമാക്കി മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2022-ലെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**Step I** 2017-ൽ ജനറൽ വാർഡുകളായി നിശ്ചയിച്ചിരുന്ന 16 വാർഡുകൾ 2022-ലെ സ്ത്രീ സംവരണ വാർഡുകളായി നിശ്ചയിക്കണം.

**Step II** 2022-ലെ 50% സ്ത്രീ സംവരണത്തിന്റെ (18 വാർഡുകൾ) കുറവ് നികത്തുന്നതിന് 2017-ലെ സംവരണ വാർഡുകളിൽ നിന്ന് രണ്ട് വാർഡുകൾ കൂടി സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതുണ്ട്. ഒരേ വിഭാഗത്തിലുള്ള സംവരണം തുടർച്ചയായി വരുന്ന വാർഡുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്ന തരത്തിൽ വേണം അത്തരത്തിൽ നറുക്കെടുപ്പിലൂടെ വാർഡുകൾ നിശ്ചയിക്കേണ്ടത്. ഇതിലേക്ക് 2017-ൽ പട്ടികജാതി സംവരണമായി നിശ്ചയിച്ചിരുന്ന വാർഡിനെ 2022-ലെ സ്ത്രീ സംവരണ വാർഡായി ചുവടെയുള്ള **ക്ലിപ്ത നിബന്ധന 1-ന്** വിധേയമായി നിശ്ചയിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. അതിന് കഴിയാത്ത സാഹചര്യത്തിൽ കുറവുള്ള രണ്ട് സ്ത്രീ സംവരണ വാർഡുകളും 2017-ലെ സ്ത്രീ സംവരണ വാർഡുകളിൽ നിന്ന് നറുക്കെടുപ്പിലൂടെ കണ്ടെത്തണം.

**Step III** പട്ടികജാതി സംവരണം നിശ്ചയിക്കുന്നതിന് ആവശ്യമായ ഒരു വാർഡ് 2017 ലെ ശേഷിക്കുന്ന സ്ത്രീ സംവരണ വാർഡുകളിൽ നിന്നും നറുക്കിട്ടെടുക്കേണ്ടതാണ്.

ക്ലിപ്ത നിബന്ധന 1 ;- Step II ഉം Step III ഉം പ്രകാരം നറുക്കെടുപ്പ് നടത്തുമ്പോൾ, 2017-ലെ വാർഡ് പുനർവിഭജനത്തിൽ പുതുതായി രൂപീകരിച്ച ഒരു വാർഡിൽ 2012-ലെ സംവരണ വാർഡിന്റെ 50 ശതമാനത്തിലധികം ജനസംഖ്യ ഉൾപ്പെട്ട് വരികയും ആ വാർഡ് 2017 ലും സംവരണമായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ വാർഡിനെ മേൽപ്പറഞ്ഞ നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കേണ്ടതാണ് (അതായത് അനുബന്ധം I കോളം നമ്പർ 4-ൽ സൂചിപ്പിച്ചിരിക്കുന്ന വാർഡ്).

ക്ലിപ്ത നിബന്ധന 2 ;- Step III പ്രകാരം നറുക്കെടുപ്പ് നടത്തുമ്പോൾ 2012 ലോ 2017 ലോ പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള വാർഡുകൾ ഒഴിവാക്കി ശേഷിക്കുന്ന വാർഡുകളിൽ നിന്നും വേണം മേൽപ്പറഞ്ഞ ഒരു പട്ടികജാതി സംവരണ വാർഡ് നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടത്.

**6. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കൽ**

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മേൽപ്പറഞ്ഞ പ്രകാരം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള 18 വാർഡുകളുടെയും പട്ടികജാതി വിഭാഗത്തിനായി സംവരണം

ചെയ്തിട്ടുള്ള ഒരു വാർഡിന്റെയും വിവരങ്ങൾ അനുബന്ധം III മാതൃകയിൽ ഉത്തരവായി പുറപ്പെടുവിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഫാറങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

Signature Not Verified
Digitally signed by A SANTHOSH
Date: 2022.05.12 11:50:27 IST
Reason: Approved

**എ. സന്തോഷ്**
**സെക്രട്ടറി**

**അനുബന്ധം I**

**നിലവിലുള്ള സംവരണവിവരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫോറം**

ജില്ല.......................................................................................................................................

..........................................................................മുനിസിപ്പൽ കൗൺസിൽ

അംഗസംഖ്യ:

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള വാർഡിന്റെ നമ്പരും പേരും | ഓരോ വാർഡും നിലവിൽ ഏത് വിഭാഗത്തിനാണ് സംവരണം ചെയ്തിട്ടുള്ളത് എന്ന് (കോളം 3(a)വാർഡിന്റെ 50% ന് മേൽ ജനസംഖ്യ ഉൾക്കൊള്ളുന്ന കോളം 3(b) വാർഡിന്റെ നമ്പരും പേരും സംവരണ വിവരവും സൂചിപ്പിക്കുക) | | കോളം (3) പ്രകാരം 2012 ലും 2017 ലും തുടർച്ചയായി സംവരണം വന്ന വാർഡുകൾ ഉണ്ടെങ്കിൽ അവ (ഇവയാണ് 2022 ലെ സംവരണ വാർഡുകൾ കണ്ടെത്താനുള്ള നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കേണ്ടത്) | |
|---|---|---|---|---|---|
| (1) | (2) | (3) | | (4) | |
| | | (a) 2012 | (b) 2017 | 2012 | 2017 |
| | | | | | |

തീയതി:

സെക്രട്ടറി

## അനുബന്ധം – II

### മുനിസിപ്പാലിറ്റികളിലെ സംവരണ വാർഡുകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംബന്ധിച്ച അറിയിപ്പ്

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ

റീജിയണൽ ജോയിന്റ് ഡയറക്ടർ : ...................................……… മേഖല

**നഗരകാര്യ വകുപ്പ്**

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും | തീയതി | സമയം | സ്ഥലം |
|---|---|---|---|---|
| | | | | |

തീയതി :

## അനുബന്ധം–III

### <u>ഉത്തരവ്</u>

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6 (9)---mw വകുപ്പ് പ്രകാരം വരുന്ന പൊതു തിരഞ്ഞെടുപ്പിനുവേണ്ടി.........................................................മുനിസിപ്പൽ കൗൺസിലിലെ സംവരണ വാർഡുകൾ താഴെ പറയുന്ന പ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണവാർഡിന്റെ നമ്പരും പേരും |
|---|---|
| | |

| | |
|---|---|
| | |

ഒപ്പ്:.......................................

പേര്:.....................................

നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ.............................